# മലയാളം / MALAYALAM
## (നിർബന്ധിതം) / (Compulsory)

| | |
|---|---|
| സമയം : **മൂന്നു** മണിക്കൂർ | പരമാവധി മാർക്ക് : **300** |
| *Time Allowed* : **Three** *Hours* | *Maximum Marks* : **300** |

---

### ചോദ്യപേപ്പർ പ്രത്യേകനിർദ്ദേശങ്ങൾ

**ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിനുമുമ്പായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക :**

എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

ഓരോ ചോദ്യത്തിനുമുള്ള മാർക്കുകൾ അതാതു് ചോദ്യത്തിനെതിരെ കൊടുത്തിട്ടുണ്ടു്.

ചോദ്യത്തിൽ നിർദ്ദേശിച്ചിട്ടില്ലെങ്കിൽ എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരം **മലയാളത്തിൽ (മലയാളംലിപിയിൽ)** തന്നെ എഴുതണം.

ചോദ്യങ്ങൾക്കുള്ള ഉത്തരത്തിനു നിശ്ചയിച്ചിട്ടുള്ള വാക്കുകളുടെ എണ്ണം പാലിക്കണം. നിശ്ചയിച്ചിട്ടുള്ള എണ്ണത്തിനേക്കാൾ കൂടുകയോ കുറയുകയോ ചെയ്താൽ മാർക്കു് കുറയ്ക്കുന്നതായിരിക്കും.

ചോദ്യവും ഉത്തരവുമടങ്ങുന്ന ബുക്കുലെറ്റിൽ ഏതെങ്കിലും പേജോ പേജിന്റെ ഭാഗമോ വിടുകയാണെങ്കിൽ അവ വ്യക്തമായി വെട്ടിക്കളഞ്ഞിരിക്കണം.

### Question Paper Specific Instructions

***Please read each of the following instructions carefully before attempting questions :***

*All questions are to be attempted.*

*The number of marks carried by a question is indicated against it.*

*Answers must be written in* **MALAYALAM (Malayalam script)** *unless otherwise directed in the question.*

*Word limit in questions, wherever specified, should be adhered to and if answered in much longer or shorter than the prescribed length, marks will be deducted.*

*Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.*

---

**Q1. താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് 600 വാക്കുകളിൽ കവിയാതെ ഉപന്യസിക്കുക :** *100*

(a) ഭാരതീയ വൈജ്ഞാനിക പാരമ്പര്യത്തിന്റെ സമകാലപ്രസക്തി

(b) ലോകമഹായുദ്ധങ്ങൾ വിതയ്ക്കുന്ന ദുരിതങ്ങൾ

(c) ഡിജിററൽ പണമിടപാടുകളുടെ സൗകര്യങ്ങൾ

(d) കായികവിനോദങ്ങളിൽ സ്ത്രീകളുടെ വർദ്ധിച്ചുവരുന്ന പങ്കാളിത്തം

**Q2. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം ശ്രദ്ധയോടെ വായിച്ച്, തുടർന്ന് കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്കു് വ്യക്തവും സംക്ഷിപ്തവുമായ ഉത്തരമെഴുതുക :** *12×5=60*

ജനിതകവൈവിധ്യവും അവരൂപപ്പെടുന്ന ആവാസ വ്യവസ്ഥയും ഉൾപ്പെടെ ഭൂമിയിലെ ജീവജാലങ്ങളുടെ വ്യത്യസ്തതയാണു് ജൈവവൈവിധ്യം. ഇന്നു് ഈ ജൈവവൈവിധ്യങ്ങൾ ഏറെ ഭീഷണികൾ നേരിടുന്നുണ്ടു്. ഉഷ്ണമേഖലാവനങ്ങളുടെ നാശവും അതുനേരിടുന്ന പ്രശ്നങ്ങളും കാരണം അഞ്ചു മുതൽ പത്തുശതമാനം വരെ ഉഷ്ണമേഖലാവനങ്ങളിലെ ജീവജാലങ്ങൾ അടുത്ത കാൽനൂററാണ്ടിനുള്ളിൽ നാമാവശേഷമാകുമെന്നു് ശാസ്ത്രജ്ഞർ ഭയപ്പെടുന്നു.

ഉഷ്ണമേഖലാ വനങ്ങൾ മാത്രമല്ല നശീകരണഭീതി നേരിടുന്നതു്. നദീജലം തടഞ്ഞുനിർത്തുന്നതിനാലും വിദേശജീവികളുടെ കടന്നു വരവിനാലും ശുദ്ധജല ജീവജാലങ്ങളും മാററങ്ങൾക്കു് വിധേയമാകുന്നുണ്ടു്. കഴിഞ്ഞ ആയിരക്കണക്കിനു വർഷങ്ങളുടെ നശീകരണത്തിന്റെ ഫലമായി മഹാസമുദ്രങ്ങളിലെ ദ്വീപുകളിലെ ആവാസ വ്യവസ്ഥകൾ പോലും വലിയ വെല്ലുവിളികൾ നേരിടുന്നതായി മാറിയിട്ടുണ്ടു്.

ജീവജാലങ്ങൾക്കും ജനിതകവൈവിധ്യങ്ങൾക്കും ഉണ്ടായ നഷ്ടത്തിനും വാസസ്ഥലങ്ങൾക്കും ആവാസവ്യവസ്ഥകൾക്കും ഉണ്ടായ തകർച്ചക്കും ഈ തലമുറയും വരും തലമുറയും വലിയ വില നൽകേണ്ടിവരും. ഇന്നു് വംശനാശം സംഭവിക്കുന്ന ജീവജാലങ്ങൾ അജ്ഞാത ഭക്ഷ്യ വസ്തുക്കൾക്കും ഔഷധങ്ങൾക്കും വ്യവസായത്തിനും ഉപയോഗിക്കപ്പെടുന്നു. മണ്ണൊലിപ്പു്, ജലസംഭരണികളിൽ ഉപ്പുകലരൽ, കാലാവസ്ഥാ വ്യതിയാനം, മരുഭൂവൽക്കരണം, ഉല്പാദനനഷ്ടം എന്നിവയാൽ മനുഷ്യസമൂഹത്തെ സഹായിക്കുവാനുള്ള കഴിവു് ആവാസവ്യവസ്ഥക്കു് നഷ്ടപ്പെടുകയും അതിലൂടെ അവയ്ക്ക് കൂടുതൽ തകർച്ചയുണ്ടാകുകയും ചെയ്യുന്നു.

ജൈവവസ്തുക്കളുടെ മൂല്യം നിർണ്ണയിക്കുന്നതിനായി മൂന്നുപ്രധാനസമീപനങ്ങളാണു് പ്രയോഗിക്കുന്നതു്. വിപണികളിലൂടെ കടന്നു പോകാതെ നേരേതന്നെ ഉപയോഗിക്കുന്ന വിറകു്, കാലിത്തീററ വന്യമൃഗമാംസം എന്നീ വിഭവങ്ങളുടെ മൂല്യം നിർണ്ണയിക്കുന്നരീതിയാണു് ഉപഭോഗ വസ്തു മൂല്യനിർണ്ണയം. തടി, മത്സ്യം, മാംസം, തേൻ, ഔഷധസസ്യങ്ങൾ തുടങ്ങി വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നവയുടെ മൂല്യനിർണ്ണയരീതിയാണു് ഉല്പാദനാധിഷ്ഠിത വസ്തു മൂല്യനിർണ്ണയം. ഇന്നും ഏതാനും ജീവവിഭാഗങ്ങൾ നിലനില്ക്കുന്നുണ്ടു് എന്നതിൽ നമുക്കു് സമാധാനിക്കാം. നീർത്തട സംരക്ഷണം, പ്രകാശസംശ്ലേഷണം, കാലാവസ്ഥാനിയന്ത്രണം, മണ്ണുല്പാദനം എന്നിവ ഉൾപ്പെടുന്ന മൂല്യനിർണ്ണയ രീതിയാണു് ഉപഭോഗേതരവസ്തു മൂല്യ നിർണ്ണയം.

വൻകിട വ്യവസായങ്ങളായ വനസമ്പത്ത്, മത്സ്യബന്ധനം എന്നീ വിപണികളുമായി ബന്ധമുള്ളതും ദേശീയ വരുമാനത്തിൽ പ്രതിഫലിക്കുന്നതുമായ ഉല്പാദനാധിഷ്ഠിത വസ്തുമൂല്യനിർണ്ണയത്തെയാണ് നയതന്ത്രജ്ഞന്മാർ കൂടുതൽ അഭിനന്ദിക്കുന്നത്.

(a) ജൈവവൈവിധ്യം എന്നാൽ എന്ത് ? 12

(b) എന്താണ് വംശനാശഭീഷണി ? 12

(c) ജീവജാലങ്ങളുടെയും ജനിതകവൈവിധ്യങ്ങളുടെയും നാശം ഉയർത്തുന്ന വെല്ലുവിളികളെന്തെല്ലാം. 12

(d) എന്താണ് ഉപഭോഗേതര വസ്തു മൂല്യനിർണ്ണയം ? 12

(e) നയതന്ത്രജ്ഞർ ഏതു മൂല്യനിർണ്ണയത്തെയാണ് കൂടുതൽ അഭിനന്ദിക്കുന്നത് ? എന്തുകൊണ്ട് ? 12

Q3. **താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം മൂന്നിലൊന്നായി സംക്ഷേപിക്കുക. തലക്കെട്ട് നൽകേണ്ടതില്ല. സംക്ഷേപം നിങ്ങളുടെ സ്വന്തം വാക്കുകളിൽ ആയിരിക്കണം.** 60

സന്തോഷമെന്തെന്ന് അറിയണമെങ്കിൽ നാമതിനെ അന്വേഷിക്കണം. അത് ഒരു ഭാവനാലോകമല്ല. സമൃദ്ധമായും പൂർണ്ണമായും നല്ലജീവിതം നയിക്കുന്നവരുടെ ഇടയിലാണ്. യഥാർത്ഥത്തിൽ സന്തോഷിക്കുന്ന ഒരുവൻ ബോട്ടുനിർമ്മിക്കുക, സിംഫണി തെയ്യാറാക്കുക, മകനെ പഠിപ്പിക്കുക, ഉദ്യാനത്തിൽ മനോഹരങ്ങളായപൂക്കൾ വളർത്തുക തുടങ്ങിയവയിൽ വ്യാപൃതനായിരിക്കുമെന്ന് നമുക്ക് നിരീക്ഷണത്തിൽ കണ്ടെത്താൻ കഴിയും. വല്ലപ്പോഴും

ലഭിക്കുന്ന ഒന്നായല്ല അയാൾ സന്തോഷത്തെ കാണുന്നതു്. ഒരു ദിവസത്തിലെ തിരക്കുകൾ നിറഞ്ഞ ഇരുപത്തിനാലു മണിക്കൂറുകളും താൻസന്തോഷവാനാണു് എന്നു് അയാൾക്കു് ബോധ്യമുണ്ടാകും.

തന്നിലും തനിക്കുവേണ്ടപ്പെട്ടവരിലും മാത്രം ഒതുങ്ങി നില്ക്കുന്ന ഒരാൾക്കു് യഥാർത്ഥസന്തോഷം ലഭിക്കുകയില്ല. സാമൂഹ്യബന്ധങ്ങളിൽ ഇടുങ്ങിയ ചിന്താഗതി പുലർത്തുന്നവർക്കും സന്തോഷം ലഭിക്കാൻ വഴിയില്ല. സന്തോഷത്തെ വെളിയിലാണു് അന്വേഷിക്കേണ്ടതു്.

നിങ്ങൾ നിങ്ങൾക്കായിമാത്രം ജീവിക്കുകയാണെങ്കിൽ നിങ്ങൾ അപകടത്തിലാണു്. നിങ്ങളുടെ താല്പര്യങ്ങളിലും കാഴ്ചപ്പാടുകളിലും ഒതുങ്ങിപ്പോയിജീവിതം മരണതുല്യമാകും. ഉന്നതമായ മാനവസന്തോഷത്തെ കണ്ടെത്തി നിങ്ങൾ അതിനോടു് ചേർന്നു നില്ക്കുക. ജീവിതത്തിന്റെ അർത്ഥം മനസ്സിലാകണമെങ്കിൽ ഒപ്പമുള്ളവരോടു് തന്റെ അഹംബോധം പ്രകടിപ്പിക്കരുതു്. നിങ്ങളുടെ ആഗ്രഹങ്ങളിൽ നിങ്ങൾ അഭിമാനിക്കുന്നുവെങ്കിൽ അതിന്റെ പരിസമാപ്തിയെ കുറിച്ചുകൂടിനിങ്ങൾ ധാരണയുണ്ടാക്കേണ്ടതാണു്. നിങ്ങളുടെ ആഗ്രഹങ്ങൾ നേടിയെടുക്കുന്നതിനായി സന്തോഷങ്ങളെ ഉപേക്ഷിക്കണമോ അതോ അഹംബോധം ഉപേക്ഷിച്ച് സന്തോഷത്തെ വരിക്കണമോ. എന്നതു് നിങ്ങളുടെ മാത്രം തീരുമാനമാണു്.

ഉയർന്ന സന്തോഷവും നന്മയും നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ സമ്പൂർണ്ണമായ ത്യാഗം ജീവിതത്തിൽ

പാലിക്കേണ്ടതാണ്. യഥാർത്ഥത്തിൽ സന്തോഷവാനായ ഒരാൾ എല്ലായ്പ്പോഴും പോരാടുന്ന ഒരു ശുഭാപ്തിവിശ്വാസിയായിരിക്കും. ശുഭാപ്തി വിശ്വാസം ത്യാഗത്തെ മാത്രമല്ല, സാമൂഹിക പ്രതിബദ്ധതയേയും സാമൂഹികസ്ഥൈര്യത്തേയും വസ്തുനിഷ്ഠതയേയും ഉൾക്കൊള്ളുന്നു. ജീവിതം മുറുകെ പിടിക്കുന്നവർ, യാഥാർത്ഥ്യത്തെ പക്വതയോടെ നേരിടുന്നവർ, പ്രതിസന്ധികളെ നിസ്സംഗതയോടെ സമീപിക്കുന്നവർ, അറിവിനെ സഹാനുഭൂതിയുമായി യോജിപ്പിക്കുന്നവർ, ജീവിതോത്സാഹം കൊണ്ട് നർമ്മബോധത്തെ കൂടുതൽ രുചികരമാക്കുന്നവർ - ഒററവാക്കിൽ, ഇവരാണ് പൂർണ്ണമനുഷ്യർ. സജീവമായ ഭൂതദയയുടെ ക്രിയാത്മകമായ തത്വചിന്തയാണ് നന്മയുള്ള ഒരു ജീവിതം ആവശ്യപ്പെടുന്നത്. ഇതാണ് സംതൃപ്തമായ ജീവിതം. മാനവികത ഉയർത്തിപ്പിടിച്ച് സന്തോഷവാനാവുകയാണ് വേണ്ടത്.

ഒരു പിടിയിലൊതുക്കാവുന്നത്ര ലളിതമാണ് സന്തോഷത്തിന്റെ ചേരുവകൾ. സന്തോഷം ഉള്ളിൽ നിന്നുവരുന്നതും ലളിതമായ നന്മയിലും വ്യക്തമായ ബോധത്തിലും കുടികൊള്ളുന്നതുമാണ്. മതം അതിനൊരു അവശ്യഘടകമല്ല. ധാർമ്മികതയിൽ അധിഷ്ഠിതമായ തത്വചിന്തകൂടാതെ സന്തോഷം നേടാനുമാകില്ല. സ്വാർത്ഥതയാണ് അതിന്റെ ശത്രു. മററുള്ളവരെ സന്തോഷിപ്പിക്കുന്നതിലൂടെ അതു നേടാനാകും. ആൾക്കൂട്ടത്തിൽ അപൂർവ്വമായും ഏകാന്തതയിൽ എളുപ്പമായും

ലഭ്യമാണു്. വാങ്ങാൻ കഴിയാത്തും പണംകൊണ്ടു് നോടാൻ കഴിയാത്തതുമാണു് സന്തോഷം.

ഒരാൾ തന്നിൽത്തന്നെ സന്തുഷ്ടനല്ലെങ്കിൽ ആത്മപരിശോധനയിലൂടെ പ്രശാന്തത കൈവരിക്കുവാനുള്ള അന്വേഷണം സ്വയം നടത്തേണ്ട് താണു്. നമുക്കു് പ്രവർത്തിക്കുവാനുള്ളതു് വളരേയും നാംപ്രവർത്തിച്ചതാകട്ടെ തുച്ഛവുമാണു്. ഈ ആത്മപരിശോധനയുടെ അന്വേഷണത്തിൽ നമുക്കു് ഒരു വസ്തുത ഉറപ്പിക്കാനാകും. ഒരു മനുഷ്യനെ അതുല്യനാക്കുന്ന ഗുണങ്ങൾ തന്നെയാണു് അയാളെ സംതൃപ്തനാക്കുന്നതു്. സന്തോഷം നേടുന്നത്തിനു് ഒരു രൂപരേഖ തെയ്യാറാക്കുന്നെങ്കിൽ താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കാവുന്നതാണു്. ലളിതജീവിതം നയിക്കക, ആഡംബരം ഒഴിവാക്കുക, ആത്മശുദ്ധീകരണത്തിനു് അവസരം നൽകുക, ഗുണനിലവാരം സൂക്ഷിക്കുക, ആഴത്തിൽ പഠിക്കുക, ശാന്തമായി ചിന്തിക്കുക, മാന്യമായി സംസാരിക്കുക, തുറന്നു് പെരുമാറുക, നക്ഷത്രങ്ങളേയും പറവകളേയും ശ്രദ്ധിക്കുവാൻ പഠിക്കുക, കുഞ്ഞുങ്ങളേയും സന്യസിമാരേയും തുറന്ന മനസ്സോടെ സശ്രദ്ധം വീക്ഷിക്കുക. എല്ലാററിനേയും സഹർഷം സ്വീകരിക്കുക, ഉത്സാഹം കൈക്കൊള്ളുക, ഒന്നിലും ധൃതികുട്ടാതിരിക്കുക. ജീവിതം ആത്മീയതയ്ക്കു വിട്ടുകൊടുക്കുക, സാധാരണ ജീവതത്തിൽ സ്വാഭാവികമായി വളരുവാൻ അനുവദിക്കുക. ഇവയൊന്നും ഒരു സർക്കാരിനും നിങ്ങൾക്കായി ചെയ്യാൻ കഴിയുന്ന കാര്യങ്ങളല്ല; സ്വയം ശീലിക്കേണ്ടതും അനുഷ്ഠിക്കേണ്ടതുമാണു്.

*(299 വാക്കുകൾ)*

Q4. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്യുക : 20

ലോകം നേരിടുന്ന കൊടിയ ഭീഷണിയാണു് ഭീകരവാദം. അമേരിക്ക, ഇന്ത്യ, ഇസ്രായേൽ തുടങ്ങിയ രാജ്യങ്ങൾ ഭീകരവാദത്തിന്റെ പിടിയിൽനിന്നു് മോചിതമാകുവാൻ പാടുപെടുകയാണു്. എന്നാൽ ഈ കുരുക്കു് മുറുകുകയാണു്. എന്നും എപ്പോഴും ഭീകരവാദത്തിന്റെ നിഷ്ഠൂരമായ വാർത്തകൾ മാധ്യമങ്ങളിൽ തലക്കെട്ടുകളാണു്. ഭയപ്പെടുത്തുന്ന ഇത്തരം വാർത്തകളാണു് ദിവസവും നമ്മെ വേവലാതിപ്പെടുത്തുന്നതു്. എത്രയെത്ര നിരപരാധികളാണു് ഇവരുടെ സ്വാർത്ഥതയ്ക്കു മുമ്പിൽ ബലിയാടുകളാകുന്നതു്.

സ്വാതന്ത്ര്യാനന്തരം ചിലവിദേശശക്തികളുടെ സ്വാധീനത്താൽ ഭീകരവാദത്തിന്റെ വിത്തുകൾ ഇന്ത്യയിലും മുളച്ചു. അതു് ഇന്നു് ഇന്ത്യയിൽ എല്ലായിടത്തും വ്യാപിക്കുകയും അങ്ങേയററം ദുഃഖകരമായ സാഹചര്യത്തിലേയ്ക്കു എത്തുകയും ചെയ്തു. കാശ്മീരിലാണു് അതു് ഏററവും തീവ്രമായി ബാധിച്ചിരിക്കുന്നതു്. അവിടുത്തെ തദ്ദേശിയർപോലും ഇന്നു് അഭയാർത്ഥികളെ പോലെയായിരിക്കുന്നു. എന്തും സംഭവിക്കാം എന്ന ഭീതിയിലാണു് അവർ കഴിഞ്ഞുകൂടുന്നതു്. കാശ്മീരിൽ മാത്രമല്ല, ആസാം, ബംഗാൾ, നാഗാലാന്റ് എന്നീ സംസ്ഥാനങ്ങളിലും ഇന്നു് ഭീകര പ്രവർത്തനങ്ങൾ അരങ്ങേറുന്നുണ്ടു്. ഇവിടങ്ങളിലെല്ലാം സാധാരണ ജനജീവിതം വെല്ലുവിളികൾ നേരിടുന്നു. ഭീകരവാദത്തെ അമർച്ചചെയ്യുവാൻ പോലീസും പട്ടാളവു അക്ഷീണം പരിശ്രമിക്കുന്നുണ്ടു്. സർക്കാർ ഈ പ്രശ്നത്തെ പരിഹരിക്കുവാൻ ഏററെനടപടികൾ കൈക്കൊള്ളുന്നുണ്ടു്. പൊതുസമൂഹത്തിന്റെ സഹകരണം അതിനു് ഒഴിച്ചുകൂടാനാകാത്തതാണു്. വ്യക്തിതലത്തിലെ മതതീവ്രതാല്പര്യങ്ങളും പ്രാദേശീക വാദവും ഒഴിവാക്കി ഇന്ത്യൻ

പൗരനായി ഓരോ ഇന്ത്യക്കാരനും മാറുവാൻ കഴിഞ്ഞാൽ ഭീകരവാദത്തിൽനിന്നും നമുക്കു് എന്നേക്കും മോചിതമാകാനാകും. ഭീകരവാദം മൃഗീയതയാണു്. മനുഷ്യവംശത്തിൽപിറന്നവർക്കു് അതുപോലെ പ്രവർത്തിക്കാനാകില്ല. ഭീകരവാദം ഇല്ലായ്മചെയ്യുന്നതിനു് എല്ലാ രാജ്യങ്ങളും സഹകരിക്കുകതന്നെ വേണം. ഒരുമിച്ചും സംഘടിതമായും സമാധാനത്തിന്റേയും ഐക്യത്തിന്റേയും സന്ദേശം സ്ഥാപിച്ചെടുത്താൽ ഈ പ്രശ്നം പരിഹരിക്കാവുന്നതേയുള്ളു. എങ്കിൽ മാത്രമേ ഒരു ജനതയ്ക്കു അഭ്യുന്നതി നേടാനാകു.

**Q5. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം മലയാളത്തിലേക്കു തർജ്ജമ ചെയ്യുക :** *20*

Healthy children are an essential component of an effective education system. Good health reduces absenteeism and dropouts and increases scholastic performance. An effective school health programme is one of the most cost-effective approaches in improving community health. School health activities contribute to healthy lifestyles, thus leading to a healthy future generation. School children also communicate the health-related information gained in schools to their families and neighbourhood, contributing to improved family and community health. The functions of school health services include detection and treatment of defects, creation and maintenance of hygienic environment in and around the school, provision of school meals, and improvement of nutritional status of children. This may be further enlarged to include health check-ups and immunisation campaigns.

Q6. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശമനുസരിച്ച് ഉത്തരമെഴുതുക :

(a) അർത്ഥം വ്യക്തമാകുന്ന വിധത്തിൽ വാക്യത്തിൽ പ്രയോഗിക്കുക : *2×5=10*

(i) വേഷംകെട്ട് *2*

(ii) താളത്തിനു് തുള്ളുക *2*

(iii) കൊമ്പുകുത്തിക്കുക *2*

(iv) ഉരുളയ്ക്കുപ്പേരി *2*

(v) കോപ്പുകൂട്ടുക *2*

(b) സന്ധി ചെയ്യുക : *2×5=10*

(i) കുറവില്ല *2*

(ii) ചാടിക്കടന്നു *2*

(iii) എള്ളെണ്ണ *2*

(iv) തിരുവോണം *2*

(v) അത്യംക്തി *2*

(c) വിഗ്രഹിച്ചെഴുതുക : *2×5=10*

(i) പൂമാല *2*

(ii) ഇന്ദുമുഖി *2*

(iii) മുക്കണ്ണൻ *2*

(iv) കുറുംകുഴൽ *2*

(v) വീട്ടുമൃഗം *2*

(d) താഴെകൊടുത്തിരിക്കുന്ന പദങ്ങളിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക : *2×5=10*

(i) ശുണ്ഠി *2*

(ii) വാസ്ഥവം *2*

(iii) പ്രവർത്തി *2*

(iv) സൃഷ്ടാവ് *2*

(v) ആതിഥേയൻ *2*